പാലിക്കപ്പെടുന്നുണ്ടോ എന്നും സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും വകുപ്പുതല ഉദ്യോഗസ്ഥർക്കെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാർ തീരുമാനം ലംഘിച്ച് ബോർഡ് പ്രദർശിപ്പിക്കുന്നു എന്ന് ശ്രദ്ധയിൽപ്പെട്ട വാഹനങ്ങളിൽനിന്നും പ്രസ്തുത ബോർഡ് മാറ്റാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിനായി നിലവിലുള്ള നിർദ്ദേശങ്ങൾ ശക്തമായി നടപ്പിലാക്കുന്നതിനായി 2008 ഓഗസ്റ്റ് രണ്ടിലെ 41/08/ധന. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ധനകാര്യ പരിശോധനാ വിഭാഗത്തിനും അതിന്റെ കീഴിലുള്ള ജില്ലാ പിരിശോധനാ വിഭാഗത്തിനും വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിലേയ്ക്കായി വേണ്ട നിർദ്ദേശങ്ങൾ 20-5-2010-ലെ ജി.ഒ. (പി) നം.293/10/ധന. പ്രകാരവും വീണ്ടും നിർദ്ദേശം നൽകി ഒരു പ്രത്യേക സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

(ഇ) കഴിഞ്ഞ ഒരു വർഷം വയനാട് ജില്ലയിൽ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് 3 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വകാര്യ ആവശ്യങ്ങൾക്കുപയോഗിക്കുന്ന സർക്കാർ വാഹനങ്ങൾ

5 (5662) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില വകുപ്പുമേധാവികൾ തന്റെ നിയന്ത്രണത്തിലുള്ള ഓഫീസുകളിലെ മൂന്നും നാലും വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കാര്യം സർക്കാരിനറിവുണ്ടോ ;

(ബി) ഡെയ്‌ലി വേജ് ഡ്രൈവർമാരെ സ്വകാര്യ ആവശ്യങ്ങൾക്ക് ചുമതലപ്പെടുത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം പ്രവണതകൾ തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ദുരുപയോഗം ചെയ്യാതിരിക്കാൻ 24-2-2003-ലെ ജി.ഒ. (എംഎസ്.) നമ്പർ 113/03/ഫിൻ.നമ്പർ ഉത്തരവ് പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ 2-8-2008-ലെ 41/08/ ധന. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും വീണ്ടും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ധനകാര്യ പരിശോധനാ വിഭാഗത്തിനും അതിന്റെ കീഴിലുള്ള ജില്ലാ പരിശോധനാ വിഭാഗത്തിനും സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം നിരീക്ഷിക്കുന്നതിനും ഉണ്ടായാൽ തടയുന്നതിലേയ്ക്കുമായി വേണ്ട നിർദ്ദേശങ്ങൾ 20-5-2010-ലെ സ.ഉ.(പി) നമ്പർ 293/10/ധന പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്.

ഐ. ടി. പാർക്കുകൾക്കു വേണ്ടി സർക്കാർ ഗ്യാരന്റിയോടെ എടുത്ത ബാങ്ക് വായ്പകൾ

6 (5664) ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. മുരളി :
ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോസിറ്റി ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ഐ.ടി പാർക്കുകൾക്കു വേണ്ടി സർക്കാർ ഗ്യാരന്റിയോടെ ഇതുവരെ എത്ര കോടി രൂപയുടെ ബാങ്ക് ലോണുകളാണ് എടുത്തിട്ടുള്ളത് ;

(ബി) ഏതൊക്കെ ബാങ്കുകളിൽ നിന്നുമാണ് ഇത്തരത്തിൽ വായ്പ എടുത്തിട്ടുള്ളത് ;

(സി) പ്രസ്തുത ബാങ്ക് ലോൺ തിരിച്ചടയ്ക്കുന്നതിന് എത്ര വർഷത്തെ കടാശ്വാസ കാലാവധി ആണ് ബാങ്കുകൾ അനുവദിച്ചിരുന്നത് ;

(ഡി) ഈ കാലാവധി എന്നവസാനിക്കും ; കാലാവധി അവസാനിക്കുമ്പോൾ പ്രസ്തുത വായ്പയുടെ തിരിച്ചടവായി പ്രതിമാസം എത്ര കോടി രൂപ അടയ്ക്കേണ്ടി വരും ;

(ഇ) ടെക്നോസിറ്റിക്ക് മാത്രമായി ഇപ്പോൾ ആകെ എത്ര കോടി കടബാദ്ധ്യതയാണുള്ളത് ;

(എഫ്) ഈ വർഷം ടെക്നോസിറ്റിയിൽ ഏതൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കുമെന്നാണ് കരുതുന്നത് ;

(ജി) ഇവിടെ പുതിയ പദ്ധതികൾ വരാത്ത സാഹചര്യത്തിൽ ഇത്തരം വലിയ വായ്പ ബാദ്ധ്യത എങ്ങനെ തിരിച്ചടയ്ക്കുമെന്നാണ് സർക്കാർ കരുതുന്നത് ?

ഉത്തരം

(എ & ബി) കൊല്ലം ടെക്നോ പാർക്കിനുവേണ്ടി നബാർഡിൽനിന്നും RIDF സ്കീമിൽ 49.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇൻഫോ പാർക്ക് അതുല്യ ബിൽഡിംഗ് കോംപ്ലക്സിനുവേണ്ടി 60.26 കോടി രൂപയും അമ്പലപ്പുഴ ഇൻഫോ പാർക്കിന്റെ ജല വിതരണത്തിനായി 3.92 കോടി രൂപയുടെയും നബാർഡ് വായ്പ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly